
എസ് വി എച്ച് എസ് എസ് , ക്ലാപ്പന
ടിങ്കിൾ@2020
ഡിജിറ്റൽ മാഗസിൻ

# സന്ദേശം.....




നമ്മുടെ സ്കൂൾ നൂറിന്റെ നിറവിൽ എത്തിനിൽക്കുന്ന ഈ വേളയിൽ വിവര സാങ്കേതിക വിദ്യയുടെ ചുമലിലേറി ലോകം കുതിക്കുമ്പോൾ നവ്യാനുഭവങ്ങൾ പങ്കുവെച്ച് നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പദ്ധതികളിൽപ്പെട്ട മാഗസിൻ "ട്വിങ്കിൾ@2020" ക്ലബ്ബംഗങ്ങളായ  കുട്ടികൾ ചെയ്യുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്.     കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളിൽ നമുക്കും സഞ്ചരിക്കാം.   എല്ലാ ഭാവുകങ്ങളും നേരുന്നു...

**ഷീജ. ആർ**
ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ.....

ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബ് തുടങ്ങിയതിനു ശേഷമുള്ള രണ്ടാമത്തെ മാഗസിനായ "ട്വിങ്കിൾ@2020" കുഞ്ഞിളം ഭാവനയിൽ വിടർന്നതാണ്. ലോകം കൈക്കുമ്പിളിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ കാലത്തിന്റെ മലവെള്ളപ്പാച്ചിലിനിടയിൽ അൽപ്പനേരം സാങ്കേതികവിദ്യയും നുകരാനായതിൽ ഞങ്ങൾ അഭിമാനിക്കുന്നു. കൂട്ടുകാരുടെ മനസ്സിൽ വിരിഞ്ഞ കഥകളും കവിതകളും ലേഖനങ്ങളും മറ്റും ഇതിൽ കുറിച്ചിട്ടുണ്ട്. അതിനുവേണ്ടി പരിശ്രമിച്ച കൂട്ടുകാർക്കും താങ്ങായി നിന്ന അധ്യാപകർക്കും ഒത്തിരി സ്നേഹങ്ങൾ പകർന്നുകൊണ്ട് കുറവുകൾ ഉണർത്തുമെന്ന വിശ്വാസത്തോടെ നിങ്ങളുടെ കരങ്ങളിലേക്ക്........

**സ്നേഹപൂർവ്വം....**

**എഡിറ്റോറിയൽ ടീം.**

LITTLE STARS………..@2020



SPECIAL THANKS TO OUR TEACHERS…



***Mrs. SANGEETHA. S***



***Mr.SHARAFUDEEN. B***

# താളുകൾ മറിയുമ്പോൾ.......

1.സച്ചിൻ തെൻഡുൽക്കർ(1973)........................................................6
2.ജന്മഭൂമി..........................................................................7
3.ഇന്റർനെറ്റിന്റെ കൊട്ടുംചതി.......................................................8
4.ശരീരത്തിലുള്ള മാലിന്യം?........................................................9
5.അമ്മ..............................................................................10
6.IGNITING MIND.....................................................................11
7.കുസൃതി പൊന്മാൻ....................................................................14
8.എന്റെ കൊച്ചുകേരളം..................................................................15
9.തോൽവി.............................................................................16
10.നശിക്കുന്ന കേരളനാട്..............................................................17
11.യുവജനോത്സവം......................................................................18
12.CINDRELLA........................................................................19
13.മരംകൊത്തിയുടെ ബുദ്ധി..............................................................20
14.ദുരിതം നിറഞ്ഞ കേരളനാട്...........................................................21
15.QUIZ..............................................................................22
16.മാറുക നീ..........................................................................23
17.ക്വിസ്സ്............................................................................24
18.എലിയും പൂച്ചയും.................................................................. 25
19.ഗ്യാലറി............................................................................27
20.നന്ദി..............................................................................28

# സച്ചിൻ തെൻഡുൽക്കർ *(1973)*

ക്രിക്കറ്റിലെ വിസ്മയമായ സച്ചിൻ രമേഷ് തെൻഡുൽക്കർ പതിനാലാമത്തെ വയസ്സിൽ തന്നെ ഫസ്റ്റ്ക്ലാസ്സ് ക്രിക്കറ്റിൽ അരങ്ങേറ്റം നടത്തി. പതിനാറാമത്തെ വയസ്സിൽ ടെസ്റ്റ് ക്രിക്കറ്റ് കളിച്ച ആദ്യത്തെ ഇന്ത്യക്കാരനും സച്ചിൻ തന്നെ.



1996 ൽ സച്ചിനെ ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റനായി നിയമിച്ചു. രണ്ടു കൊല്ലത്തിനുള്ളിൽ സച്ചിൻ ഡെസ്മണ്ട ഹെയിൻസ് എന്ന റെക്കോർഡ് സ്ഥാപിച്ചു. ഏകദിന ഇന്റർനാഷണലിൽ ഏറ്റവും കൂടുതൽ എണ്ണം സെഞ്ചറി നേടിക്കൊണ്ട് തകർത്തു. 2005 ഡിസംബർ 10 വരെ 35 സെഞ്ചറിയാണ് കരസ്ഥമാക്കിയത്. ഒരു ലോക റെക്കോർഡ് ആണിത്. സച്ചിൻ 17000-ൽ അധികം റൺസ് എടുത്തിട്ടുണ്ട്. 1999-ൽ 186 റൺസിന്റെ നോട്ടൗട്ട് കരസ്ഥമാക്കിക്കൊണ്ട് മറ്റൊരു ദേശീയ റെക്കോർഡ് സ്ഥാപിച്ചു. സച്ചിൻ ടെണ്ടുൽക്കറുടെ ബാറ്റിങ്ങിലെ ആശ്ചര്യകരമായ നേട്ടങ്ങൾ അദ്ദേഹത്തെ ലോകമെങ്ങുമുള്ള ക്രിക്കറ്റ് പ്രേമികൾക്കിടയിൽ ഒരു ഹീറോ ആക്കി. ഏകദേശം അഞ്ചു വർഷം മുമ്പ് ഓസ്ട്രേലിയയിലെ ഒരു ക്രിക്കറ്റ് മാസിക സച്ചിനെ എക്കാലത്തെയും ഏറ്റവും നല്ല പത്തു ബാറ്റ്സ്മാന്മാരിൽ ഒരാളായി വിലയിരുത്തുകയുണ്ടായി. രണ്ടാമത്തെ വലിയ സിവിലിയൻ ബഹുമതിയായ പത്മ വിഭൂഷൺ നേടിയ ആദ്യത്തെ കായിക താരം എന്ന ബഹുമതി വിശ്വനാഥൻ ആനന്ദിനൊപ്പം 2008-ൽ സച്ചിൻ നേടുകയുണ്ടായിസച്ചിന് അർജ്ജുന അവാർഡ്, രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.




**ആദിത്യൻ.എസ്**

6

# ജന്മഭൂമി



നിൻ മടിത്തട്ടിലിൽ പിറന്നു വീണ നിമിഷം

ഞാൻ കൃതാർത്ഥനായ് തീർന്നീടുന്നു

നിൻ പൂഴിമണ്ണിലൂടെ എൻ ബാല്യം പിച്ചവച്ചീടുന്നു.

നിൻ കരങ്ങളിലൂടെ എന്നെ പരിപാലിച്ചു യൗവനത്തിൽ

നിൻ സാന്ത്വനത്താൽ എന്നെ തലോടി വാർധക്യത്തിൽ

അന്ത്യനിമിഷത്തിൽ ഞാൻ ഈ പൂഴിയിൽ അലിഞ്ഞിടുന്നു.


അക്ഷയ്. എൻ

9D

# ഇന്റർനെറ്റിന്റെ കൊടുംചതി

വർത്തമാനകാലത്തിലെ കുട്ടികൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് സ്മാർട്ട് ഫോണുകളുടെ അമിത ഉപയോഗം. സമൂഹത്തിലുണ്ടാകുന്ന പലപ്രശ്നങ്ങൾക്കും കാരണം സ്മാർട്ട് ഫോണുകളുടെ ദുരുപയോഗം ആണ്, ഇന്റർനെറ്റിന്റെ ഉപയോഗം നമ്മുടെ നല്ലതിനുവേണ്ടി ആകണം മറിച്ച് ഭാവിക്ക് വിപത്തായി അതിനെഉപയോഗിക്കാൻ പാടുള്ളതല്ല. ഇന്റർനെറ്റിന്റെ ദുരുപയോഗം മുലം നമ്മുടെ സ്വകാര്യ വിവരങ്ങൾ പോലും മറ്റുള്ളവരിലേക്ക് എത്തിച്ചേരുന്നു. ഇന്റർനെറ്റിനെ തെറ്റായി ഉപയോഗിക്കാതെ നമ്മുടെ അറിവിനും നേട്ടത്തിനും വേണ്ടി അതിനെ ഉപയോഗിക്കണം.




**ആരോമൽ പിള്ള**



7

## ശരീരത്തിലുള്ള  മാലിന്യം?

പ്രകൃതിയിൽ മലിനമായതൊന്നും തന്നെയില്ല ചില സാഹചര്യങ്ങളിൽ നമുക്കാവശ്യമില്ലത്തതോ ശരിരത്തിന് ദോഷകരമായതോ ആയ പദാർഥങ്ങളെയാണ് മാലിന്യമായി കണക്കാക്കുന്നത്. ഏതൊരു വസ്തുവും മാലിനമാകാം, ജീവൻ നിലനിർത്തുന്നതിന് അവശ്യം വേണ്ട ജലം മാലിന്യമാകുമെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടായിരിക്കും എന്നാൽ  ശരീരത്തിൽ നിന്ന് അധികമുള്ള ജലം വിസർജനമായും പുറംതള്ളപ്പെടുമ്പോൾ അത് മാലിന്യമാകും. അതേപോലെ $CO2$ മാലിന്യമായി കരുതപ്പെടുന്നെങ്കിലും അതും ശരീരത്തിന് ആവശ്യമുണ്ട് ജീവൽപ്രവർത്തനങ്ങളുടെ ഫലമായിത്രൂപപ്പെടുന്ന പദാർഥങ്ങളീൽ ശരിരത്തിന്  ആവശ്യം ഉള്ളവയെ നിശ്ചിത അളവിൽ നിലനിർത്തി ശേഷിക്കുന്നവയെ   പുന്തള്ളുന്ന പ്രക്രിയായാണ് വിസർജനം.

**അരുൺ ആർ ദാസ്**



# അമ്മ



*നിറമാർന്ന ജീവിത പുസ്തകത്താളി-*
*ലൊരക്ഷര ദീപമായി നിന്നതാകാം*
*ഇരുളിൽ മറഞ്ഞൊരെൻ കനിവിന്റെ*
*പാതയിൽ മഴവില്ലപോൽ ഉദിച്ചതാവാം.*
*മഴവന്നു പെയ്തൊരെൻ മനസ്സിന്റെ*
*കോണിലായി ചിരിതൂകി നിന്നൊരെൻ സ്വപ്നമാകാം*
*തായെ നിൻ ചുംബനം എന്നുടെ നെറുകയിൽ*
*കുങ്കമപൊട്ടായി വിരിഞ്ഞതാവാം.*
*പൂക്കൾ കൊഴിയുന്ന വസന്തകാലത്തിന്റെ*
*പൂമ്പൊടി പൂശും പൂമ്പാറ്റയാകാം*
*ഭൂമിയെ പുൽകുന്ന സൂര്യന്റെ കിരണങ്ങൾ*
*പോലെന്നെ തഴുകിയ പ്രകാശമാകാം.*
*"എന്നമ്മ" അതുപോലെ തഴുകിയ പ്രകാശമാകാം.*

**ബ്രഹ്മ . എ 9D**



# *I*gniting *M*ind



(Atribute to Dr.APJ Abdul Kalam)

*"My message especially to young people is to have courage to think differently, courage to invent, courage to travel the unexplored path, courage to discover the impossible and to conquer the problems and succeed. These are great qualities that they must work towards."*

**Dr.APJ Abdul kalam**

The sudden demise of Dr.APJ Abdulkalam,

Ex. President, author, inspirational speaker, scientist, researcher, a visionary and above all a fine human being, is a great loss to the country and saddened millions. He was born in a Muslim family in rural Tamil Nadu. As a young boy he had to sell newspaper to help his family.

The great sayings of Thiruvalluvar "Whatever may be the depth of water in a river, lake or pit; whatever may be the condition of water whether it is cold, warm or stormy, the lotus will always come upward and bloom" that came true in the life of Dr.kalam. He reached such destination with all difficulties and struggles in life which people can never dream of. This is the reason why he always invokes the people in his speeches to see dreams.Dr.kalam was an exceptional personality. He was not just a missile man and great president but also a wonderful human being and a brilliant teacher. He dedicated his entire life to the selfless service of the nation. He not only captured the mind of the nation but also the hearts of the youth and continued to do so till the last day of his life.

***Some of his words show how much he inspired us:***

- ***Look at the sky, we are not alone. The whole universe is friendly to us and inspires only to give the best to those who dream and work***
- ***You have to dream before your dream can come true.***
- ***Without your involvement you can't succeed. With your involvement you can't fail.***
- ***Man needs his difficulties because they are necessary to enjoy success.***
- ***Excellence is a continuous process and not an accident.***
- ***God our creator has stored within our mind and personalities, great potential, strength, ability prayer helps us tap and develop these powers.***

The life of Dr.kalam is a testimony to the fact that determination and hard work can over come the shackles of the financial and other constraints.

“Greatness come in the clock of humility” Samuel Butler once wrote. He may well have been describing Dr.kalam. In his life and work he embodied the best of what India can be. He brought dignity to whatever he did, even in politics. Dr.kalam believed that education have the potential to transform society and plays a key role in shaping the future of his country. He authored numerous influential and inspirational books.

***Active till the end, he left the world in mid speech as it reminds us that he still had something more to say. His end came in the company of students. Dr.Kalam is a great model to the new generation with his loyalty, sincerity and dedication, India is greatly indebted to him. You lent her name and fame. We salute this towering personality. May his soul rest in peace.***

***Manasa manoj. 9D***



# കുസൃതി പൊൻമാൻ



ദേവി സജ്ജൂ *9D*


വളരെ കാലം മുമ്പ് ഒരു വലിയ കാട്ടിൽ ഒരു പൊൻമാൻ മൂന്ന് കുഞ്ഞുങ്ങളുമായ് താമസിച്ചിരുന്നു.അമ്മപൊൻമാൻ എന്നും രാവിലെ കുഞ്ഞുങ്ങൾക്കായ് തീറ്റതേടിയിറങ്ങുമായിരുന്നു വൈകുന്നേരമാകുമ്പോഴേക്കും നിറയെ തീറ്റയുമായ് തിരികെയെത്തും. എന്നും രാവിലെ അമ്മപൊൻമാൻ പോകുമ്പോൾ കുഞ്ഞുങ്ങളോടു പറയും, മക്കളെ ഞാൻ തിരിച്ചുവരുന്നതുവരെ കൂട്ടിൽ തന്നെ ഇരിക്കണം കാട്ടിൽ പാമ്പുണ്ട്,പരുന്തുണ്ട് കാട്ടുപൂച്ചയുണ്ട്. കുഞ്ഞുങ്ങൾ അമ്മ പറഞ്ഞത് അനുസരിച്ച് കൂടിന്റെ വാതിലടച്ച് അനങ്ങാതെയിരിക്കും. എന്നാൽ അതിലൊരു കുഞ്ഞ് വല്ലാത്ത വികൃതിയായിരുന്നു. എന്നിട്ട് ഒരു ദിവസം



അമ്മപൊൻമാൻ തീറ്റതേടിപോയപ്പോൾ വികൃതിയായ പൊൻമാൻ കുഞ്ഞ് കൂടിന്റെ പുറത്തു വന്നു. ആ കുഞ്ഞിപൊൻമാൻ തനിച്ച് തീറ്റതേടി, കാട്ടിലൂടെചുറ്റികറങ്ങാൻ ഇറങ്ങി. എന്നിട്ട് സഹോദരങ്ങളെ കൂടി വിളിച്ചു. പക്ഷെ ആ കുഞ്ഞുങ്ങൾക്ക് അറിയാമായിരുന്നു അതിന്റെ ചിറകുകളിൽ തൂവൽ കുറവാണ് അതുകൊണ്ട് അവയ്ക്ക് അധികം ദൂരം പറക്കാൻ കഴിയുകയില്ലന്ന് പക്ഷെ ഈ പൊൻമാൻ ഇതൊന്നും അറിയാതെ കാട്ടിലേക്ക് പറന്നു തുടങ്ങി. അങ്ങനെ ആ വികൃതിയായ പൊൻമാൻ താഴേക്ക് വീണു . ആ കുഞ്ഞിപൊൻമാൻ വീണത് വിശന്നു വലഞ്ഞ ഒരു പാമ്പിന്റെ തലയിലായിരുന്നു. ആ പാമ്പിനു സന്തോഷമായി, അതിനെ തിന്നാനായി അടുത്തേക്ക് ചെന്നു. അപ്പോൾ ഒരു പൂച്ചയും ഓടിയെത്തി അതിനെ തിന്നാൻ വേണ്ടി രണ്ടു പേരും തമ്മിൽ വഴക്കായി ഇതു കണ്ടു നിന്ന പൊന്മാൻകുഞ്ഞു പേടിച്ചു ഒരു മാളത്തിലേക്ക് കയറി ഒളിച്ചു . അതൊരു എലിയുടെ മാളമായിരുന്നു പേടിച്ചു വിറച്ച പൊന്മാൻകുഞ്ഞ് ഉറക്കെ കരയാൻ തുടങ്ങി .കരച്ചിൽ കേട്ട അമ്മക്കിളി പറന്നുവന്നു എലിയുടെ മാളത്തിൽനിന്നു തന്റെ കുഞ്ഞിനെ രക്ഷപെടുത്തി കൂട്ടിലെത്തിച്ചു .അമ്മയുടെ വാക്കുകൾ കേൾക്കാതെ അനുസരണക്കേടു കാട്ടിയ കുഞ്ഞികിളിക്കു വിഷമം വന്നു അമ്മയെ കെട്ടിപിടിച്ചു കരഞ്ഞുകൊണ്ട് പറഞ്ഞു ,'അമ്മ, ഇനി ഒരിക്കലും ഞാൻ അമ്മയുടെ വാക്കുകൾ അനുസരണക്കേടു കാട്ടില്ല ' . അമ്മക്കിളി കുഞ്ഞിനെ മാറോടു ചേർത്തുപിടിച്ചുകൊണ്ടു ആശ്വസിപ്പിച്ചു.

# എന്റെ കൊച്ചുകേരളം

കേരനിരയുടെ നാടാണ് കേരളം
കേളിയെഴുന്നൊരു നാടാണ്
നേരിന്റെനിറവാണ് കേരളം
കാടും കാട്ടാറും കാട്ടരുവിയും
കളകളമൊഴുകും നാടാണ് കേരളം.
കളിവഞ്ചിയുടെ നാടാണ്
കവികളുടെ നാടാണ്
വയലും തോടും കുന്നും മലയും
ചേർന്ന കൊച്ചു നാടാണ്
എൻകേരളം




മിഥിൻ . എം

# തോൽവി

തോന്നലുകളിൽ നിന്നുണ്ടാകുന്ന മുന്നേറ്റങ്ങൾ പരാജയത്തിന്റെ മുന്നറിയിപ്പു മാത്രമാണ്. തോൽവി ഒരു കുറ്റമല്ല എന്നാൽ തോൽവിയിൽ നിന്ന് ചില പാഠങ്ങൾ പഠിക്കാൻ കാണണം. തോറ്റു തോറ്റു ഒടുക്കം തോൽവി-യോടുള്ള പേടി മാറിയ മനുഷ്യനെ വീണ്ടും തോൽപ്പിക്കാൻ ശ്രമിക്കരുത്, കാരണം ചിലപ്പോൾ ആയാൾ തോറ്റെന്നു വരില്ല. തോൽപ്പിച്ചവരുടെ മുന്നിൽ ജയിച്ചു കാണിക്കണം "മരണം കൊണ്ടല്ല" ജീവിതം കൊണ്ടാണ്. നമ്മുടെ വിജയമായിരിക്കണം അവരുടെ തോൽവി. തോൽക്കുമെന്നു കരുതി പരിശ്രമിക്കാതെ ഇരിക്കുന്നതാണ് ഏറ്റവും വലിയ തോൽവി. തോൽവിയുടെ മധുരം അറിഞ്ഞത് കൊണ്ടാകാം തോറ്റുപോയവരോട് ഒരു പ്രത്യേക കടപ്പാടായിരിക്കും. തോൽവിയാണ് വിജയത്തിന്റെ മുന്നോടി.




ഷഹിന. എസ് 9D

# നശിക്കുന്ന കേരള നാട്

***പച്ചയാൽ നിറഞ്ഞ വലിയ നാട്***

***എവിടെയും പുഞ്ചിരി തൂകി നിൽക്കുന്ന***

***നെൽപ്പാടങ്ങൾ നിറഞ്ഞനാട്***

***രോഗങ്ങൾ ഇല്ലാതിരുന്ന നാട്.***

***അധ്വാനത്തിൽ തൻ പ്രതീകമാം വലിയ-***

***നാട്. എന്നാൽ ഇന്ന് എൻ നാട്ടിൽ-***

***പച്ചകളില്ല,നെൽപ്പാടങ്ങൾ ഇല്ല,***

***വയലുകൾഇല്ല എവിടെ സഞ്ചരിപ്പതിൻ***

***അവടെയെല്ലാം രോഗംനിറഞ്ഞ നാട്.***

***യന്ത്രങ്ങളുടെ ഉപയോഗത്താൽ നശിക്കുന്ന നാട്.***

***പ്രളയത്തിൻ വായിൽ അകപ്പെട്ടെൻ സ്വന്തംകേരള നാട്.***

***അർച്ചന. ആർ 9B***



# യുവജനോത്സവം



**ഷിഫാന. എൻ 9A**

*എല്ലാവർക്കും സ്കൂൾളുകളിൽ യുവജനോത്സവം  ആഘോഷിക്കുന്നു. വിദ്യാർത്ഥികളിൽ കലാദിരുചി വർദ്ധിപ്പിക്കുന്നതിനായി സാകുളുകളിൽ യുവജനോത്സവസത്തിന് ഏർപ്പാടുണ്ടാക്കുന്നു. വിദ്യാഭ്യാസവകുപ്പ് വിദ്യാർത്ഥികൾക്കുവേണ്ടി ചെയ്യുന്ന ഏറ്റവും ഉപയോഗപ്രദവും സഹായകവുംമായ ഒരു കാര്യമാണ് യുവജനോത്സവം . ഇതിൽ നാടകം, നൃത്തം, പാട്ട്, ചിത്രരചന തുടങ്ങിയ മത്സരങ്ങളുൾപ്പെടുന്നു. സ്കൂൾളുകളിൽ യുവജനോത്സവത്തിൽ പങ്കെടുപ്പിക്കുന്നു. പഠനത്തോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ പരിപൂർണ്ണമായവികാസംകലകളിൽ നിന്നുണ്ടാകുന്നു. വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന കലാവാസനകളുടെ പ്രകടനം പൂർണ്ണമാകണമെങ്കിൽ ഇപ്രകാരമുള്ള കലകളുടെ സമാവേശം ആവശ്യമാണ്,ഓരോ വിദ്യാർത്ഥയ്ക്കും ഇപ്രകാരമുള്ള കലകൾക്ക്പ്രോത്സാഹനം നൽകേണ്ടതുണ്ട്.*

# CINDRELLA



***Hai, Hai welcome friends.***
***I am cindrella.***
***I am living in a palace.***
***I am dancing and singing in everyday.***
***I am a sweet person.***
***I am a naughty girl.***

***by***
***sooryan***



ശ്രീലക്ഷ്മി. എസ് **9B**

# മരംകൊത്തിയുടെ ബുദ്ധി

ഒരിക്കൽ ഒരു കാട്ടിൽ ഒരു മാൻ താമസിച്ചിരുന്നു. മാനിന്റെ കൂട്ടുകാരായിരുന്നു. ആമയും മരംകൊത്തിയും.ഒരിക്കൽ ഒരു വേടൻ വിരിച്ച വലയിൽ മാൻ കുടുങ്ങി മാൻ വലയിൽ കുടുങ്ങിയതറിഞ്ഞ ആമയും മരംകൊത്തിയും അവിടെ എത്തി. ആമപറഞ്ഞു ഞാൻ നിന്നെ വലമുറിച്ചു രക്ഷിക്കാം, പക്ഷെ വേടൻ വന്നാലോ അപ്പോൾ മരംകൊത്തി പറഞ്ഞു അതിന് ഒരു വഴിയുണ്ട് മരംകൊത്തി വളരെ പെട്ടെന്ന് പറന്നു പോയി. എന്നിട്ട് വേടന്റെ വീടിനടുത്ത് എത്തി എന്നിട്ട് വേടന്റെ കഴുത്തിൽ കിടന്നതുണിയും എടുത്തു കൊണ്ട് മരംകൊത്തി പറന്നു. വേടൻ അതിനു പിന്നാലെ ഓടി കുറേനേരത്തിനു ശേഷം മരംകൊത്തി വേടന്റെ തുണി താഴേക്ക് ഇട്ടിട്ട് പറന്നു പോയി അത്രയും സമയം കൊണ്ട് ആമ വല മുറിച്ച് മാനിനെ രക്ഷിച്ചു.

# ദുരിതംനിറഞ്ഞകേരളം

ഇന്ന് കേരളം പ്രളയം പോലുള്ള നിരവധി ദുരന്തങ്ങളുടെ വായിൽ ആണ്. അതിന് കാരണം മനുഷ്യന്റെ ക്രൂരമായ  പ്രവർത്തനം മൂലം ആണ്. മനുഷ്യന്റെ പ്രവൃത്തിയിൽ മനുഷ്യന് തന്നെ ഒരു ചിന്തയില്ല. അമിത പ്ലാസ്റ്റിക്കിന്റെ ഉപയോഗം, മരം വെട്ടൽ,ഫാക്ട്റികളുടെ ശക്തമായ പ്രവർത്തനം മൂലം ഭൂമിയിലെ ഹരിതാപം ഇല്ലാതെ ആവുന്ന അവസ്ഥയാണ്. ഭൂമിയിലെ ഹരിതാപം നഷ്ട്പ്പെടുന്നതിലൂടെ ഈ ഭൂമി വീണ്ടും വീണ്ടും നശിച്ച് കൊണ്ട് ഇരിക്കുകയാണ്. ഭൂമി നശിക്കുകയാണ് എന്ന് മനസ്സിലാക്കിട്ടും മുനുഷ്യൻ തന്റെ ക്രൂരമായ പ്രവൃത്തികൾ ഉപേക്ഷിക്കുന്നില്ല വീണ്ടും വീണ്ടും ഭൂമിയെ ആപത്തിലേക്ക് തള്ളി വിടുകയാണ്.






**ശ്രീവള്ളി 9B**



**സുരാജ്. എസ് 9D**

# QUIZ

*1. മനുഷ്യ ശരീരത്തിലെ രക്തത്തിന്റെ അളവ്?*

*Ans:5-6 ലിറ്റർ*

*2. പാലിന് വെളുത്ത നിറം നൽക്കുന്ന പാർത്ഥം?*

*Ans: കേസീൻ*

*3. മുങ്ങൽ വിദഗ്ധർ അക്വലെൻസിൽ ശ്വസനത്തിനു പയോഗിക്കുന്ന വാനകമി ശ്രിതംൽ?*

*Ans: ഓക്സിജൻ ഹീലിയം*

*4. രക്ഷഗ്രുപ്പുകൾ കണ്ടെത്തിയത് ആര്?*

*Ans: കാൾലാന്റെ സ്റ്റെയ്നർ*

*5. ഉറുമ്പിന്റെ ശരീരത്തിൽ അടങ്ങിയിരിക്കുന്ന ആസിഡ്*

*Ans: പോർനിക്ക് അസിഡ്*

*6. ഏറ്റവും കുടുതൽ വാരിയെല്ലുകൾ ഉള്ള ജീവി?*

*Ans: പാമ്പ്*

*7. വെള്ളത്തിലിട്ടാൽ കത്തുന്ന ലോഹം?*

*Ans: സോഡിയം*

*8. കരളിനെകകുറിച്ചുള്ള പഠനം?*

*Ans: ഹെപ്പറ്റോളജി*

*9. എ.പി.ജെ അബ്ദുൾ കലാം എവിടെയാണ് ജനിച്ചത്?*

*Ans: തമിഴനാട്ടിലെ രാമേശ്വരത്ത്*

*10. അബ്ദുൾല കലാം ഇന്ത്യയുടെ എത്രമത്തേ രാഷ്ട്രപതിയാണ്?*

*Ans: പതിനൊന്നാമത് രാഷ്ട്രപതി*

*11. അബ്ദുൾ കലാം ഇന്ത്യയുടെ രാഷ്ട്രപതിയായത് എന്ന്?*

*Ans: 2002 ജൂലൈയ് 25 ന്*

*12. വെള്ള ബൾബിൽ നിറയ്ക്കുന്ന വാതകം?*

*Ans: മെർക്കുറി*

*13. പറക്കുന്ന സസ്തനി?*

*Ans: വവ്വാൽ*

*14. ഭൂമിയിൽ ജീവനടിസ്ഥാനമായ മൂലകം?*

*Ans: കാർബൺ*

*15. മുഖത്തെ അസ്ഥികളുടെ എണ്ണം?*

*Ans: 14*

# *മാറുക നീ*

അമ്മപെങ്ങന്മാരെ

അറയാത്തൊരീ, അസുരന്മാരുടെ  യുഗം.

ഇതെന്താണ ഇങ്ങനെന്ന

ചൊല്ലിയാൽ


പറഞ്ഞിട്ടും ലോകം

ഇതാണ മക്കളെ

"കലിയുഗം"

മാറണമീ യുഗം

മാറ്റണമീ യുഗം



www.shutterstock.com · 467783585

ഹേയ്, അസുരാ-

നിൻ സിരകളിൽ

ഒരു മനുഷ്യരകതം

ചലിക്കുന്നുവെങ്കിൽ

മാറുക നീ..മാറ്റുക നീ

നീ നിന്നെ തന്നെ.



**വിഷ്ണു.ജെ 9A**

# ക്വിസ്



ആരോമൽ പിള്ള 9D

1. ഗാന്ധിജി മരിച്ച ദിവസം?

Ans: ജനുവരി 30

2. ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ പഠനങ്ങൾ പ്രകാരം ലോകത്തിലെ ഏറ്റവും മലിനീകരിക്കപ്പെട്ട വായുവുള്ള നഗരം?

Ans: ഡൽഹി

3. പ്രഥമ തോപ്പിൽഭാസി അവർഡ് ലഭിച്ച മലയാള ചലച്ചിത്ര നടൻ?

Ans: മധു

4. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിച്ച ഭാഷ?

Ans: മലയാളം

5. മലയാള ഭാഷയ്ക്ക് സ്വന്തമായി ഒരുസർവ്വകലാശാല പിറവിയെടുത്തദിവസം?

Ans: 2012 നവംബർ 1 ന്

6. ഇന്ത്യയുടെ ദേശിയ പുഷ്പം?

Ans: താമര

7. ഒ.എൻ.വി ജനിച്ചത്?

Ans: ചവറ

8. ഉപ്പ് സത്യാഗ്രഹം നടന്ന വർഷം?

Ans: 1930

9. അശ്വമേധം ആരുടെ രചനയാണ്?

Ans: തോപ്പിൽ ഭാസി

10. ഏറ്റവും വലിയ അസ്ഥി?


Ans: തുടയെല്ല്

# എലിയും പൂച്ചയും




എലിയെ കണ്ടാൽ
പൂച്ചയ്ക്കൊരു ചിരി
ചുണ്ടിൽ പൊട്ടിപ്പടരുന്നു
വായ തുറന്നവൾ ചാടുന്നു
നാവിൽ വെള്ളം നിറയുന്നു

പുലിയെ കണ്ടാൽ
പൂച്ചയ്ക്കവളുടെ
കണ്ണിൽ കൂരിരുൾ നിറയുന്നു
മെയ്യാസകലം വിറക്കുന്നു
വാലു ചുരുട്ടിപ്പായുന്നു





ലിഥിൻകൃഷ്ണൻ. 9B

## ഗ്യാലറി...



















LED Display Van









## നന്ദി.....

***ലിറ്റിൽ കൈറ്റ്സിന്റെ ട്വിങ്കിൾ@2020 യോട് സഹകരിച്ച എല്ലാ സുമനസ്സുകൾക്കും ഒരായിരം നന്ദി രേഖപ്പെടുത്തുന്നു.......***